(ബി) ഈ സൈറ്റ് സ്വകാര്യ ഉടമസ്ഥതയിലുള്ളതും അതിന്റെ രജിസ്ട്രന്റ് ശ്രീ. കെ. വി. ബിനോയ് ജോൺ എന്ന വ്യക്തിയുമാണ്.

നോർക്ക ഡിപ്പാർട്ടുമെന്റിൽ അനുവദിക്കപ്പെട്ട തസ്തികകൾ

168 [788] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക ഡിപ്പാർട്ടുമെന്റിന് അനുവദിച്ച തസ്തികകൾ എത്രയാണെന്നും ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തിന് പുറത്ത് എത്ര ഓഫീസുകൾ ഉണ്ടെന്നും എത്ര പേർ പ്രസ്തുത ഓഫീസുകളിൽ പ്രവർത്തിച്ചുവരുന്നുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) നോർക്ക ഡിപ്പാർട്ടുമെന്റിൽ അനുവദിച്ച തസ്തികകൾ ചുവടെ പറയുന്നവയാണ്.

സെക്രട്ടറി	—	1
ഡെപ്യൂട്ടി സെക്രട്ടറി	—	1
സെക്ഷൻ ഓഫീസർ	—	2
അസിസ്റ്റന്റ്	—	6
ടൈപ്പിസ്റ്റ്	—	2
പേഴ്സണൽ അസിസ്റ്റന്റ്	—	1
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	—	2
ക്ലെറിക്കൽ അസിസ്റ്റന്റ്	—	1
പ്യൂൺ	—	6

LIBRARY ARCHIVES Kerala Legislative Assembly

ഇതിനും പുറമെ 10-12-2001-ലെ ജി. ഒ. (എം.എസ്.) നമ്പർ. 5/2001/നോർക്ക ഉത്തരവു പ്രകാരം അഡീഷണൽ സെക്രട്ടറി-1, സെക്ഷൻ ഓഫീസർ-1 ,അസിസ്റ്റന്റ് -2 എന്നീ തസ്തികകൾ അനുവദിക്കുകയും ഈ തസ്തികകൾ റീ ഡിപ്ലോയ്മെന്റ് വഴി നികത്തുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) ന്യൂഡൽഹിയിൽ കേരള ഹൗസിൽ നോർക്ക സെൽ പ്രവർത്തിക്കുന്നു. പൊതുഭരണ വകുപ്പിൽ നിന്നുള്ള ഒരു ഡെപ്യൂട്ടി സെക്രട്ടറിയും, ധനകാര്യ വകുപ്പിൽ നിന്നുള്ള ഒരു അണ്ടർ സെക്രട്ടറിയും പ്രസ്തുത ഓഫീസിൽ പ്രവർത്തിച്ചുവരുന്നു.

<u>ഗൾഫ് നാടുകളിലേക്കുള്ള വിമാനയാത്രക്കൂലി കുറവുചെയ്യുന്നത് സംബന്ധിച്ച്</u>

169 [789] <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) ഗൾഫ് നാടുകളിലേക്കുള്ള വിമാനയാത്രക്കൂലി കുറവുചെയ്യുന്നത് സംബന്ധിച്ച് സർക്കാർ കൈക്കൊണ്ടു വരുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) ഈ പ്രശ്നത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) കുറഞ്ഞ നിരക്കിൽ കേരളത്തിലെ വിമാനത്താവളങ്ങളിലേക്ക് സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് വിദേശ വിമാനക്കമ്പനികളുമായി ചർച്ചകൾ നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ചാർജ് കുറക്കുന്നതു സംബന്ധിച്ച് എയർ ഇൻഡ്യ, ഇൻഡ്യൻ എയർലൈൻസ് എന്നിവയുമായുള്ള ചർച്ചകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന സർക്കാർ വിമാന ഇന്ധന നികുതി പിൻവലിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly